"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് അദ്ധ്യാപിക ശ്രീമതി.സുലജ വി.എം ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C)No.10167/2025-ന്മേലുള്ള 17/3/25-ലെ വിധിന്യായം നടപ്പിലാക്കി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3621/2026/GEDN തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. WP(C)No.14753/2020-ന്മേലുള്ള 11/11/2020 തിയ്യതിയിലെ വിധിന്യായം (Ext.P P4)
2. റിട്ട് അപ്പീൽ ഹർജി നം. 1556/2021ൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 13/12/2021 തീയതിയിലെ വിധിന്യായം (Ext.P 5)
3. ശ്രീമതി സുലജ വി.എം 18.11.2024 സർക്കാരിൽ സമർപ്പിച്ച ഹർജി (Ext.P8)
4. WP(C)No.10167/2025-ന്മേലുള്ള 17/03/2025 തിയ്യതിയിലെ വിധിന്യായം
5. സ.ഉ.(പി)നം.25/2025/ധന തീയതി, 15.03.2025
6. പൊതു വിദ്യാഭ്യാസ ഡയറക്ട്റുടെ 09.06.2025 ലെ HSE/3241/2025/Acdb3 നമ്പർ കത്ത്
7. സ.ഉ.(സാധാ)നം.2447/2026/GEDN, തീയതി 30/03/2026
8. WP(C)No.10167/2025-ലെ കോടതിയലക്ഷ്യകേസ് നമ്പർ.2774/2025 ലെ 31.03.2026 തിയ്യതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിലെ

എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് അദ്ധ്യാപിക ശ്രീമതി സുലജ വി.എം ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)NO.10167/2025-ന്മേലുള്ള 17/03/2025 -ലെ വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു,

".....this Writ Petition is disposed of directing the 1st respondent to consider Ext.P8 representation submitted by the petitioner taking note of Exs.P4 and P5 judgments and take appropriate decision thereon, within aperiod of four months . Needless to say, if the decision is in favour of the petitioner, consequential monetary benefits shall be extended to the petitioner expeditiously "

2. ശ്രീമതി സുലജ വി.എം 19/09/2003 - ൽ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് ജൂനിയർ അദ്ധ്യാപികയായി കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിൽ നിയമിതയായി. 15/07/2021 പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് അദ്ധ്യാപികയായി തസ്തികമാറ്റം വഴി നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി സുലജ വി.എം ന്റെ ശമ്പളനിർണയം നടത്തുന്നതിനായി ടി സ്കൂൾ പ്രിൻസിപ്പാൾ തിരുവനന്തപുരം ആർ.ഡി.ഡി മുമ്പാകെ അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി അദ്ധ്യാപികയുടെ നിയമനം ഹയർ സ്കെയിലിൽ നിന്ന് ലോർ സ്കെയിലിലേക്കുള്ള നിയമനമാകയാൽ ഇൻക്രിമെന്റ് സംരക്ഷിച്ചു നൽകുകയില്ല എന്നും, ടി ഫിക്സേഷൻ തിരുത്തൽ വരുത്തി പുതുക്കി സമർപ്പിക്കുവാനും നിർദ്ദേശിച്ചു കൊണ്ട് തിരുവനന്തപുരം ആർ.ഡി.ഡി-യിൽ നിന്നും പ്രിൻസിപ്പലിനെ അറിയിച്ചതായി പരാമർശം (6) മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെതിരെയാണ് ശ്രീമതി സുലജ വി എം ബഹു ഹൈക്കോടതി മുമ്പാകെ WP(C) No.10167/2025 ഫയൽ ചെയ്തിരിക്കുന്നത്.

3. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീമതി സുലജ വി.എം ഫയൽ ചെയ്തിട്ടുള്ള COC No.2774/2025 കോടതിയലക്ഷ്യ കേസിലെ ബഹു.ഹൈകോടതിയുടെ പരാമർശം(8) ലെ ഉത്തരവ് പ്രകാരം ശ്രീമതി സുലജ വി.എം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.10167/2025-ന്മേലുള്ള 17/03/2025 തിയതിയിലെ വിധിന്യായം പരിഗണിക്കുമ്പോൾ Ext P4, Ext P5 എന്നീ വിധികൾ കൂടി പരിഗണിക്കണമെന്നും എന്നാൽ അത്തരത്തിലുള്ള പരിഗണന പ്രസ്തുത ഉത്തരവിൽ പ്രതിഫലിക്കുന്നില്ല എന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഉത്തരവ് തിരിച്ചു വിളിച്ചും WP(C) NO.10167/2025-ന്മേലുള്ള 17/03/2025 തിയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും ബഹു.

ഹൈക്കോടതി ഉത്തരവായിട്ടുണ്ട് .

4.പരാമർശം(1) വിധിന്യായം പ്രകാരം ശ്രീമതി മേരി സുപ്രിയ WP(C)No.14753/2020 മുഖേന ബഹു.ഹൈക്കോടതിയെ സമീപിക്കുകയും 11/11/2020 തീയതിയിൽ ചുവടെപ്പറയും വിധം ഹർജിക്കാരിക്ക് അനുകൂലമായ വിധിന്യായം ലഭ്യമാകുകയും ചെയ്തു.

In the above view of the matter, I am of the opinion that the finding contained in Ext.P4 to the effect that the petitioner is not entitled to a re-fixation of pay and is only entitled to protection of the pay drawn by her in the higher time scale is erroneous. Ext.P4 is therefore set aside.

There will be a direction to the respondents to grant the petitioner the benefit of re-fixation of pay in the scale of pay of HSST (Junior) with effect from the date of promotion as provided in Government decision No.4 under Rule 37 (b). The petitioner shall be granted the scale of pay of Rs. 52,800 with effect from 16.01.2018 and a further increment with effect from 01.01.2019. Appropriate steps to refix the petitioner's pay and allowances and to release the arrears thereof shall be taken within a period of three months from the date of receipt of a copy of this judgment.

ടി വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ 1556/2021 ലെ പരാമർശം (2) വിധിന്യായത്തിലും ഹർജിക്കാരിക്ക് അനുകൂലമായി ചുവടെപ്പറയുന്ന വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളത് .

"...that the Government Decision No. 4 under Rule 37(b) is unambiguous when it envisages the re-fixation of the petitioner's pay by including the increment that would have accrued to the petitioner with effect from 01.03.2018, had she continued in the said post. We, therefore, see no reason to interfere with the directions of the learned Single Judge. The Writ Appeal fails and is accordingly dismissed...".

5.പരാമർശം(1 & 2) വിധിന്യായങ്ങൾക്ക് ശേഷം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"As per Rule 37 (b) Part I Kerala Service Rules in the case of officiating appointments from a higher time scale of pay to a lower time scale of pay, made in accordance with the Special Rules applicable to such appointments, the officers officiating pay in the new time scale shall be fixed at his officiating pay in the previous appointment, if it is a stage in the new time scale or at the next lower stage, if it is not a stage in the new time scale, the difference being treated as personal pay to be absorbed in future increases".

"In cases of appointment from higher time scale of pay to lower time scale of pay in accordance to special rules no re fixation will be allowed as there is no lower scale with reference to which re fixation can be sanctioned. past cases settled otherwise will not be reopened "

6.WP(C)NO.10167/2025 ൽ ഹർജിക്കാരിയുടെ ആവശ്യം പരാമർശം(1), (2) എന്നീ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു . സ്പെഷ്യൽ റൂൾ അനുസരിച്ചു ഹയർ സ്കെയിലിൽ നിന്ന് ലോവർ സ്കെയിലിലേക്കു ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ശമ്പളം സംരക്ഷിച്ചു നൽകുന്നതിന് പുറമെ അവരുടെ ഇൻക്രിമെൻറ് തിയതി കൂടി സംരക്ഷിച്ചു നൽകുന്നത് സാമ്പത്തികഭാരം ഉണ്ടാക്കുന്ന വിഷയമായതിനാൽ പരാമർശം (5) പ്രകാരം ഇൻക്രിമെൻറ് തിയതി സംരക്ഷിച്ചു നൽകി ശമ്പളം പുനഃക്രമീകരിക്കുന്നതു അനുവദനീയമല്ല. ഉയർന്ന ടൈം സ്കെയിലിൽ നിന്ന് താഴ്ന്ന ടൈം സ്കെയിലിലേക്കുള്ള നിയമനങ്ങളുടെ കാര്യത്തിൽ പുനർനിർണയം അനുവദിക്കുവാൻ കഴിയുന്ന താഴ്ന്ന സ്കെയിൽ ഇല്ലാത്തതിനാൽ പുനർനിർണയം അനുവദിക്കില്ലെന്നു ടി ഉത്തരവിൽ നിന്ന് വ്യക്തമാണ്. സമാനമായ കേസുകളിൽ ഹർജിക്കാരിക്ക് അനുകൂലമായി ഉണ്ടായ വിധി പൊതുവിധിയായി കണക്കാക്കുവാൻ കഴിയുകയില്ല.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് അധ്യാപിക ശ്രീമതി.സുലജ വി.എം - ന് ജൂനിയർ കൊമേഴ്സിൽ നിന്നും എച്ച്.എസ്.എസ്.ടി കൊമേഴ്സ് ആയി തസ്തികമാറ്റ നിയമനം ലഭിച്ചതിനെ തുടർന്ന് ഹയർ സ്കെയിലിൽ നിന്നും ലോവർ സ്കെയിലിലേക്ക് ഫിക്സ് ചെയ്യുമ്പോൾ ഇൻക്രിമെന്റ് തീയതി സംരക്ഷിച്ചു നൽകാനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് അപ്രകാരം

സർക്കാരിൽ സമർപ്പിച്ച ExtP8 തീർപ്പാക്കി ശ്രീമതി.സുലജ വി.എം ഫയൽ ചെയ്തിട്ടുള്ള COC No.2774/2025 കോടതിയലക്ഷ്യ കേസിലെ ബഹു.ഹൈകോടതിയുടെ 31.03.2026 ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)NO.10167/2025-ന്മേലുള്ള 17/03/2025 തിയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു .

7. പരാമർശം (7) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം )

തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം,

തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ശ്രീമതി.സുലജ വി.എം, എച്ച്.എസ്.എസ്.റ്റി കൊമേഴ്സ്, അമൃത സംസ്കൃത ഹയർ സെക്കൻഡറി, പാരിപ്പള്ളി, കൊല്ലം

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 01-06-2026 12:14:11

സെക്ഷൻ ഓഫീസർ